## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5164 — 02.07.2013 -ൽ മറുപടിക്ക്

### വികലാംഗർക്ക് കെ.എസ്.ആർ.ടി.സി.-യിൽ നിന്നും ലഭിക്കുന്ന യാത്രാനുകൂല്യങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : — ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വികലാംഗർക്ക് കെ.എസ്.ആർ.ടി.സി.യിൽ നിന്നും ലഭിക്കുന്ന യാത്രാനുകൂല്യങ്ങൾ എന്തെല്ലാം ; ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ; | (എ) | 40%-ൽ കൂടുതൽ അംഗവൈകല്യമുണ്ടെങ്കിൽ വികലാംഗപാസ് അനുവദിക്കാവുന്നതാണ്. വികലാംഗപാസിനുള്ള അപേക്ഷാഫാറം താമസസ്ഥലത്തിനടുത്തുള്ള യൂണിറ്റിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്. അപേക്ഷാഫാറത്തിൽ അപേക്ഷകന്റെ പാസ്പോർട്ട് വലുപ്പത്തിലുള്ള ഒരു ഫോട്ടോ പതിച്ച് ബന്ധപ്പെട്ട ഡോക്ടർ ഒപ്പിടേണ്ടതാണ്. ഈ പാസുപയോഗിച്ച് സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ എന്നീ ബസുകളിൽ യാത്ര ചെയ്യാവുന്നതാണ്. പാസ് ദുരുപയോഗം ചെയ്താൽ പിൻവലിക്കാൻ കോർപ്പറേഷന് അധികാരമുള്ളതാണ്. 15000/- രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ളവർക്ക് വികലാംഗപാസിന് അർഹതയുള്ളതല്ല. ജോലി ഉള്ളവർ കൺവയൻസ് അലവൻസ് വാങ്ങുന്നില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് വൈകല്യത്തിന്റെ ശതമാനം കണക്കാക്കുന്നതിനുമാത്രം ആധികാരിക രേഖയായി സ്വീകരിക്കുന്നതാണ്. |
| (ബി) | മറ്റേതെല്ലാം വിഭാഗങ്ങൾക്കാണ് കെ.എസ്.ആർ.ടി.സി.-യുടെ പ്രസ്തുത യാത്രാനുകൂല്യങ്ങൾ നൽകിവരുന്നത് ? | (ബി) | അന്ധർ, ബധിര-മൂകർ, വികലാംഗർ, കാൻസർ രോഗികൾ, ബുദ്ധിമാന്ദ്യമുള്ളവർ അവരെ അനുഗമിക്കുന്ന ഒരാൾ, സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ |

| | | | |
|---|---|---|---|
| | | | വിധവകൾ, പത്രപ്രവർത്തകർ, അർജ്ജുന - ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്ക്കാര ജേതാക്കൾ, എംഎൽ.എ.മാർ, മുൻ എം.എൽ.എ.മാർ, എം.പി.മാർ, മുൻ എം.പി.മാർ, ആർ.എ.ഒ (റസിഡന്റ് ആഡിറ്റ് ഓഫീസർ), അംഗീകൃത യൂണിയന്റെ ഭാരവാഹികൾ, ബോർഡ് അംഗങ്ങൾ, പി.സി.ആർ.എ (പെട്രോളിയം കൺസർവേഷൻ റിസർച്ച് അസോസി യേഷൻ) അംഗങ്ങൾ എന്നിവർക്കും യാത്രാ സൗജന്യം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ